നം.കെഎസ്എ-കെടിഎം.പി.10/1412 /2017 തീയതി : 16.09.2017

# കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 23.08.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ് , ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.08.2017 മുതൽ 23.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പി.ബി.നടരാജൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി അമ്പിളി.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോർജ്ജ്കുട്ടി ജോസഫ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ടീനാ മോൾ ചാക്കോ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ .സി.പി.വേണുഗോപാൽ | 01.04.2016 മുതൽ 26.04.2016 വരെ |
| | ശ്രീ.ബി.നവാസ് | 27.04.2016 മുതൽ 17.05.2016 വരെ (സെക്രട്ടറിയുടെ അധികചുമതല) |
| | ശ്രീ .സി.പി.വേണുഗോപാൽ | 18.05.2016 മുതൽ 21.09.2016 വരെ |
| | ശ്രീമതി ജസിയ ബീവി | 22.09.2016 മുതൽ 09.11.2016 വരെ (സെക്രട്ടറിയുടെ അധികചുമതല) |
| | ശ്രീ.ജി.വി.ഭാസുരദാസ് | 10.11.2016 മുതൽ 21.12.2016 വരെ(സെക്രട്ടറിയുടെ അധികചുമതല) |
| | ശ്രീമതി മിനി മുരളി | 22.12.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി എം.കെ. ഹയറുന്നീസ | 01.04.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.ബി.നവാസ് | 01.04.2016 മുതൽ 16.08.2016 വരെ |
| | ശ്രീമതി ജസിയ ബീവി | 17.08.2016 മുതൽ 09.11.2016 വരെ |
| | ശ്രീ.ജി.വി.ഭാസുരദാസ് | 10.11.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി തങ്കമ്മ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിനോയ് ജോർജ്ജ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീമതി.ബിജിമോൾ അൻസാരി | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീമതി.ഷൈല.ഇ | 01.04.2016 മുതൽ 15.01.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സാലി സെബാസ്റ്റ്യൻ | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.ബിന്ദുശ്രീ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.ശ്രീലജ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സുജ | 01.04.2016 മുതൽ 08.09.2016 വരെ |
| | ശ്രീമതി റാണി കെ ശ്രീധർ | 09.09.2016 മുതൽ 04.12.2016 വരെ |
| | ശ്രീമതി വിനീത കെ.ജി | 05.12.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി സുനിത എം | 01.04.2016 മുതൽ 15.11.2016 വരെ |
| | ശ്രീ അജിത്ത് ജേക്കബ് | 16.11.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |

| | |
|---|---|
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്ക് |
| 2-2 | കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല |
| 2-3 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് |
| 2-4-1 | വസ്തു നികുതി – കുറവ് വന്ന തുക ഈടാക്കി |
| 2-4-2 | ഉപയോഗക്രമം നിശ്ചയിച്ചതിലെ അപാകത പരിഹരിച്ച് കുറവ് വന്ന വസ്തുനികുതി ഈടാക്കി |
| 2-5 | അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു |
| 2-6 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ അവ്യക്തത |
| 2-7 | വസ്തുനികുതി പരിഷ്കരണം – വിശദാംശങ്ങൾ |
| 2-8 | യു.എ.നമ്പർ നൽകി നിർണ്ണയിച്ച വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 2-9 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല |
| 2-10 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല |
| 2-11 | സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം തൊഴിൽ നികുതിയും സ്ഥാപനതൊഴിൽനികുതിയുടം ഈടാക്കിയില്ല |
| 2-12 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് – വാടക കുടിശിക ഈടാക്കേണ്ടതാണ് |
| 2-13 | ഡി & ഒ ലൈസൻസ് – സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തനത് ഫണ്ട് ചെലവുകളിൽ സുതാര്യത ഇല്ല |
| 3-2 | മഴക്കാലപൂർവ്വ ശുചീകരണം – തനതുഫണ്ട് ചെലവുകളിലെ ചട്ടലംഘനം |
| 3-3 | വാഹനത്തിന് ഇന്ധനഉപയോഗം – രേഖകളിൽ അപാകം |
| 3-4 | പി.എച്ച്.സി.ക്ക് മരുന്നുവാങ്ങൽ – മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമായില്ല |
| 3-5 | ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതി – 73365/- രൂപയുടെ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല |

| | |
|---|---|
| 3-6 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മരുന്ന് നാളിതുവരെയും ലഭ്യമാക്കിയില്ല |
| 3-7 | പി.എം.എ.വൈ.ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-8 | ആശ്രയപദ്ധതി |
| 3-9 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്ന് |
| 3-10 | എം.ജി.എൻ.ആർ.ജി.എസ്. |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 29.02.2016 തീയതിയിലെ 1-ാം നം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | കൂടുതൽ | കുറവ് | ശതമാനം |
|---|---|---|---|---|---|
| മുന്നിരിപ്പ് | 12418179 | 14192392 | 1774213 | | (+) 14.28 |
| വരവ് | 63716500 | 43937580 | | 19778920 | (-) 31.04 |
| ആകെ | 76134679 | 58129972 | | 18004707 | (-) 23.65 |
| ചെലവ് | 72135500 | 37230361 | | 34905139 | (-) 48.39 |
| നീക്കിയിരിപ്പ് | 3999179 | 20899611 | 16900432 | | (+) 422.25 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും യഥാർത്ഥ വരവ് ചെലവ് കണക്കും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 22.6.2017 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. അനുബന്ധം 1 കാണുക.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14192392 |
| വരവ് | 43937580 |
| ആകെ | 58129972 |
| ചെലവ് | 37230361 |
| നീക്കിയിരിപ്പ് | 20899611 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11805435 | 11805435 | 7958428 | 0 | 67.41 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6358281 | 6358281 | 4999577 | 0 | 78.63 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2241 | 2241 | 2241(ട്രഷറിയിൽ തിരികെ അടവാക്കി) | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6869205 | 6869205 | 3867422 | 0 | 56.33 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3160407 | 3160407 | 1057069 | 0 | 33.44 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6621170 | 6621170 | 4114133 | 0 | 62.13 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3467103 | 3467103 | 0 | 0 | തുക ചെലവഴിച്ചില്ല. |
| MGNREGS | 1309 | 10700249 | 10701558 | 10602928 | 98630 | 99.07 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 53965991 | 83 | 23833951 | 0 | 80 | 50 |

പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 08/02/2016 |
| വികസന സെമിനാർ | 26/07/2016 |
| ഗ്രാമസഭാ തീയതി | 27/02/2016 |
| പഞ്ചായത്ത് കമ്മിറ്റി തീരുമാനം | 17/08/2016 |
| ഡി.പി.സി.തീരുമാനം | 490/16 തീയതി 03-09-2016 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ 2016-17-ൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | വിഭാവനം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 13 | 6579585 | 4385700 |

| | | | | | |
|---|---|---|---|---|---|
| 2. | വെറ്ററിനറി സർജൻ | 4 | 4 | 1020759 | 712800 |
| 3. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 50000 | 50000 |
| 4. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 145000 | 145000 |
| 5. | ഐസിഡിഎസ് സൂപ്പർവൈസർ | 5 | 5 | 3435300 | 3000917 |
| 6. | അസിസ്റ്റന്റ് എഞ്ചിനീയർ | 100 | 31 | 26624652 | 7718589 |
| 7. | ഹെഡ്മാസ്റ്റർ | 2 | 2 | 232000 | 216700 |
| 8. | അസിസ്റ്റന്റ് സെക്രട്ടറി | 8 | 4 | 6635974 | 2767500 |
| 9. | കൃഷി ഓഫീസർ | 3 | 3 | 4060000 | 1386000 |
| 10. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 4 | 4 | 788257 | 583817 |
| 11. | സെക്രട്ടറി | 21 | 4 | 4805460 | 890740 |

## 1-7 തനതു വരുമാനം (വാർഷിക കണക്ക് പ്രകാരം)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3574212 | 6387984 | (+)2813772 |
| നികുതിയേതര വരവുകൾ | 24747875 | 1918451 | (-)22829424 |
| മറ്റു വരവുകൾ | 4487191 | 97641 | (-)4389550 |
| ആകെ | 32809278 | 8404076 | (-)24405202 |

തൻവർഷ നികുതി വരവിൽ മുൻവർഷത്തേക്കാൾ ഗണ്യമായ വർദ്ധനവ് ഉണ്ടെങ്കിലും നികുതിയേതര വരവിൽ വലിയ കുറവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 90360 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 5934900 | 705 |
| വിധവാപെൻഷൻ | 9021720 | 728 |
| വാർദ്ധക്യകാല പെൻഷൻ | 13864985 | 1318 |
| വികലാംഗ പെൻഷൻ | 2371865 | 248 |

| | | |
|---|---|---|
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 253050 | 23 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.8.2017 തീയതി 3.15പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19710 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവുകളും അവയുടെ നിർവ്വഹണവും

നിലവിലുള്ള ഓഫീസ് ഉത്തരവുകൾക്ക് പുറമേ ഓഡിറ്റ് വർഷം 32 ഉത്തരവുകൾ സെക്രട്ടറി ദൈനംദിന പ്രവർത്തനങ്ങളുടെ സുഗമമായ നിർവ്വഹണത്തിനായി പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പല ഓഫീസ് ഉത്തരവുകളും ശരിയായ രീതിയിൽ പാലിക്കപ്പെടുന്നില്ല.

ഫയലുകളുടെ നീക്കം ക്രമപ്രകാരമല്ല

ഓഫീസ് ഉത്തരവുകൾ പ്രകാരം ചുമതലയേൽപ്പിക്കപ്പെട്ട സെഷനുകളിൽ നിന്നും ഫയലുകൾ ഉത്ഭവിച്ച് ഉപരിപരിശോധനയ്ക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് കുറിപ്പുസഹിതം സെക്രട്ടറിയ്ക്ക് സമർപ്പിച്ച് സെക്രട്ടറി അതിന്മേൽ തീരുമാനം എടുത്ത് ബില്ലുകൾ തയ്യാറാക്കി പ്രസിഡൻറ് അവ അധികൃതമാക്കി ചെലവുകൾ നിർവ്വഹിക്കത്തക്ക രീതിയിൽ ഫയലുകൾ നീക്കപ്പെടുന്നില്ല. മിക്കഫയലുകളിലും സെക്രട്ടറിക്കു താഴെയുള്ള ഉദ്യോഗസ്ഥരുടെ കുറിപ്പുകൾ അന്യമാണ്. 1997-ലെ പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 12(4) പ്രകാരം മേൽനോട്ട പിശകിനു മാത്രം ഉത്തരവാദിയായ സെക്രട്ടറി ഫയലുകൾ കീഴ്ത്തട്ടിൽ നിന്നും കുറിപ്പുകൾ സഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്തിലെ ബിൽ രജിസ്റ്ററിന്റെ സൂക്ഷിപ്പ് സാമാന്യം തൃപ്തികരമാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതേയില്ല. വിവിധ സാധന സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ ചട്ടപ്രകാരം സൂക്ഷിക്കുന്നതിലും വീഴ്ച കാണുന്നു. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നതിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 58608/ഡി.ബി.2 /09/തസ്വഭവ തീയതി 13.1.2010-ാം നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ചു കാണുന്നില്ല. ദിവസ വേതന വ്യവസ്ഥയിൽ ജോലി നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ഹാജർ രജിസ്റ്റർ സെക്രട്ടറി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തുന്നില്ല. വാഹനത്തിന്റെ ലോഗ്ബുക്ക് ശരിയായ രീതിയിൽ തയ്യാറാക്കുന്നില്ല. യാത്രചെയ്ത ദൂരവും ഉദ്യോഗസ്ഥന്റെ ഒപ്പും ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അതാത് മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്യുന്ന ദൂരത്തെ സംബന്ധിച്ചുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസം രേഖപ്പെടുത്തുന്നില്ല.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിൽ കാര്യക്ഷമതയില്ല

വസ്തുനികുതി പരിഷ്കരണം മൂലം തനതുവരുമാനം മുൻ വർഷങ്ങളിലേക്കാൾ നേരിയതോതിൽ വർദ്ധിച്ചിട്ടുണ്ടെങ്കിലും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമായിരിക്കുന്നു. വസ്തു നികുതി നിർണ്ണയിക്കുന്നതിൽ ചട്ടങ്ങൾ ശരിയായവണ്ണം പാലിക്കാതിരിക്കുന്നതിനാലും തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കാതിരിക്കുന്നത് മുഖാന്തിരവും തനത് വരുമാനത്തിൽ ചോർച്ചയുണ്ടാകുന്നു. കൂടാതെ മിക്ക വ്യാപാര സ്ഥാപനങ്ങളും ഡി&ഒ ലൈസൻസിൻറെ പരിധിയിൽ ഉൾപ്പെടാതിരിക്കുക, പഞ്ചായത്ത് വക കെട്ടിടങ്ങൾക്ക് ലഭിക്കേണ്ട വാടക വസൂലാക്കാൻ നടപടി സ്വീകരിക്കാതിരിക്കൽ തുടങ്ങിയവ തനതു വരുമാനം വർദ്ധിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. പരസ്യനികുതി പിരിച്ചെടുക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചെങ്കിലും തുടർപ്രവർത്തനം നടത്തിയിട്ടില്ല.

തനതു ഫണ്ട് ചെലവുകൾ സുതാര്യമല്ല

ഗ്രാമപഞ്ചായത്തിലെ തനതു ഫണ്ട് ചെലവുകൾ സുതാര്യമല്ല. ശരിയായ രീതിയിലുള്ള ആവശ്യകതാ നിർണ്ണയം പല ചെലവുകളുടെ കാര്യത്തിലും പാലിക്കുന്നില്ല. ഉദാഹരണം; പഞ്ചായത്തിലെ പ്ലമ്പിംഗ് & ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഉചിത മാർഗ്ഗേന മൂല്യനിർണ്ണയം നടത്തപ്പെടുന്നില്ല. സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്നു പാദങ്ങളിൽ

മേൽസ്ഥിതി ദൃശ്യമായിരുന്നു. എന്നാൽ നാലാം പാദത്തിൽ മാറ്റം കാണുന്നുണ്ട്. വിശദ വിവരം ഭാഗം 3-ൽ പ്രതിപാദിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾ മറികടന്നും ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചും തനത് ഫണ്ട് ചെലവ് ചെയ്തിട്ടുണ്ട്. ശുചിത്വ മിഷ്യനിൽ നിന്നും ലഭിച്ച തുകയും തനത് ഫണ്ടിൽ നിന്നുള്ള തുകയും ഉൾപ്പെടുത്തി വാർഡ് തലത്തിൽ സാനിട്ടേഷൻ പ്രവർത്തനങ്ങൾക്കായി രണ്ട് ലക്ഷം രൂപ 15 വാർഡുകളിലായി ചെലവിട്ടു. എന്നാൽ മിക്ക വാർഡുകളിലും സാനിട്ടേഷൻ സമിതിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഫണ്ട് കൈമാറാതെ വാർഡ് മെമ്പർമാർക്ക് നേരിട്ട് നൽകി. മിക്ക വാർഡുകളിലും 15000/- രൂപ വീതം ചെലവിട്ടിട്ടുണ്ടെങ്കിലും ചെലവ് മൂല്യവത്ക്കരിക്കപ്പെട്ടിട്ടില്ല.

മിനിട്സ്ബുക്ക് സ്വയം വിവരണാത്മകമല്ല – തീരുമാനങ്ങൾക്കാധാരമായ രേഖകൾ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള മിനിറ്റ്സ് സ്വയം വിവരണാത്മകമല്ല. അജണ്ടയായി ഉൾപ്പെടുത്തുന്ന വിഷയങ്ങളിലും ആയതിന്മേലുള്ള തീരുമാനവും വ്യക്തമായി രേഖപ്പെടുത്തി കാണുന്നില്ല. വളരെ പ്രാധാന്യമുള്ള സാഹചര്യങ്ങളിൽ പോലും ഒറ്റവരി മിനിറ്റ്സ് തയ്യാറാക്കുന്ന രീതി നിലനിൽക്കുന്നു. ഈ മിനിറ്റ്സുകളിൽ പ്രതിപാദിക്കുന്ന വിഷയങ്ങളുടെ രേഖകളാകട്ടെ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. 19/16ലെ VI(7)–ാം നമ്പർ തീരുമാനം (മിനിറ്റ്സ് ബുക്ക് പേജ് 230 – ഗ്രാമപഞ്ചായത്തുവക ഭൂമി കയ്യേറ്റം ശ്രീ.ജയിംസ് വേഷ്ണാലിന്റെ പരാതി), 26.11.16 ലെ IX(5)–ാം നമ്പർ തീരുമാനം (IX വാർഡ് അമ്പാട്ടുവീട്ടിൽ ഗോപാലകൃഷ്ണന്റെ പരാതി), 26.11.16 ലെ തന്നെ IX (10)–ാം നമ്പർ തീരുമാനം (വ്യാജസീലുണ്ടാക്കി വ്യാജലൈസൻസ് തയ്യാറാക്കിയ അജോ തോമസിനെതിരെ നിയമനടപടി പേജ് 290) എന്നീ കമ്മറ്റി തീരുമാനങ്ങൾ ബ്രാക്കറ്റിൽ ചേർത്തിരിക്കുന്ന പ്രകാരം ഒറ്റവരിയാണ്. 23.08.17 ലെ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ മേൽതീരുമാനങ്ങൾക്ക് ആധാരമായ തപാലുകളും ഒറ്റവരി മിനിറ്റ്സ് തയ്യാറാക്കുന്നതു സംബന്ധിച്ച വിശദീകരണങ്ങളും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.07.2017 | 6/2017 | 03/17 വരെയുള്ള റിപ്പോർട്ട് ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/3/2016 മുതൽ 18/03/2016 വരെ | 2014-2015 | LBA(HQ)28A-2418 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്ക്

2016-17 വാർഷിക കണക്ക് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉള്ള വിവരം ചുവടെ ചേർക്കുന്നു.

1.സംയുക്ത പ്രോജക്ടുകളുടെ ബ്ലോക്ക് വിഹിതമിനത്തിൽ RP-31 പ്രകാരം തൻവർഷം ലഭിച്ച 10,22,000 രൂപയിൽ 4 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. എന്നാൽ നിലവിലും ടി തുക തനത് ഫണ്ട് അക്കൗണ്ടിൽ തന്നെയാണ് സൂക്ഷിച്ചിരിക്കുന്നത്. ആയവ സ്പെഷ്യൽ ട്രഷറി അക്കൗണ്ട് രൂപീകരിച്ച് ആയതിൽ നിക്ഷേപിക്കേണ്ടതാണ്.

2.B-18 ഷെഡ്യൂളിൽ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ ഭീമമായ നിക്ഷേപം അവശേഷിക്കുന്നതായി കാണുന്നു. ഇവയിൽ മിക്ക ഡെപ്പോസിറ്റ് തുകകളും ചെലവഴിച്ച് ക്രമീകരിച്ചിട്ടുള്ളതാണ്. വാർഷികകണക്കിൽ ആവശ്യമായ മാറ്റം വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3. വസ്തുനികുതി- സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ജനറേറ്റ് ചെയ്ത കളക്ഷൻ, ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

4. സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ സേവന സോഫ്റ്റ്‌വെയർ പ്രകാരം ലഭ്യമായ വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കുകൾ ഷെഡ്യൂൾ 1(6), 1-14(ഡി) എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

5. RP-31ൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്, നോൺ റോഡ്) ഇനങ്ങളിൽ 1,59,963/- രൂപയുടെ വ്യത്യാസം

നിലനിൽക്കുന്നു. 1,59,963/- രൂപയുടെ നോൺറോഡ് ചെലവ് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിലാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയത്.

6. എം.ജി.എൻ.ആർ.ഇ.ജി.എ. RP40(എ) പ്രകാരമുള്ള മുന്നിരിപ്പ് 1309/- രൂപയാണ്. എന്നാൽ 6109/- രൂപയെന്ന് അക്കൗണ്ടിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. എം.ജി.എൻ.ആർ.ഇ.ജി.എ.-ക്യാഷ്ബുക്ക്, പാസ്ബുക്ക് ശരിയായി പൊരുത്തപ്പെടുത്തൽ നടത്താതെ പാസ്ബുക്ക് നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 2-2 കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയിട്ടുള്ള താഴെ പറയുന്ന ചെക്കുകൾ നാളിതുവരെ പണമായി മാറിയിട്ടില്ല.

| ബാങ്കിന്റെ പേര് | ചെക്ക്നമ്പർ | തീയതി | തുക |
|---|---|---|---|
| പായിപ്പാട് സർവ്വീസ് സഹകരണ ബാങ്ക് | 83081 | 14.10.2014 | 1200 |
| | 84552 | 21.02.2015 | 300 |
| | 85421 | 30.03.15 | 2150 |
| | 85423 | 30.03.15 | 890 |
| | 90351 | 25.01.16 | 53462 |
| | ലഭ്യമല്ല | 01.11.12 | 1407 |
| | ആകെ | | 59407 |

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ലെ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. പ്രസ്തുത ചെക്കുകളുടെ കാര്യത്തിൽ മേൽ സൂചിപ്പിച്ച വിധത്തിലുള്ള അക്കൗണ്ടിംഗ് ക്രമീകരണം നടത്തേണ്ടതാണ്.

## 2-3 വസ്തുനികുതി ഈടാക്കിയതിൽ കുറവ്.

പഞ്ചായത്തിലെ 11-ാം വാർഡിലുള്ളതും അബ്ദുൾ ഹക്കിം, നെല്ലിത്താനത്ത് എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതുമായ 343.67 ച.മീ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനും പാർപ്പിടാവശ്യത്തിനുമുള്ള കെട്ടിടങ്ങൾക്ക് (കെട്ടിടനം.167 എ മുതൽ എഫ് വരെ) 2016-17 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നിർണയിച്ചപ്പോൾ 2011 ലെ കേരള പഞ്ചായത്ത് വസ്തുനികുതിയും (സേവനഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ പ്രകാരം നൽകേണ്ട വർദ്ധനവ് വരുത്താതിരിക്കുകയും അനർഹമായ ഇളവ് നൽകുകയും ചെയ്തതായി കാണുന്നു. അപാകതകൾ ചുവടെ ചേർക്കുന്നു..

1. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം പായിപ്പാട് -തിരുവല്ല റോഡിന്റെ (10 മീറ്റർ വീതിയുള്ള പി.ഡബ്ല്യു.ഡി റോഡ്) വശത്ത് പായിപ്പാട് ജംഗ്ഷന് സമീപത്തായി പ്രഥമമേഖലയിൽ സ്ഥിതി ചെയ്യുന്ന മേൽ കെട്ടിടത്തിന് അടിസ്ഥാനനികുതിയിന്മേൽ ദ്വിതീയ മേഖലയിലുള്ള കെട്ടിടത്തിന് നൽകുന്ന 10% ഇളവ് നൽകി. എന്നാൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന് വരുത്തേണ്ട 20% വർദ്ധനവ് നൽകിയിട്ടുമില്ല.

2. 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള ഈ കെട്ടിടത്തിന് 100 ച.മീറ്ററിൽ താഴെ തറവിസ്തീർണമുള്ള കെട്ടിടത്തിന്റെ അടിസ്ഥാനനികുതിനിരക്കായ 50/- രൂപ നിരക്കിൽ നികുതി നിർണയിച്ചു. അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11) കെട്ടിടങ്ങളുടെ നികുതിനിർണ്ണയത്തിലെ അപാകത പരിഹരിച്ച് നികുതി പുനർനിർണയിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം. | കെട്ടിടനം | തറവിസ്തീർണം( | ഈടാക്കിയ നികുതി (രൂപ) | പുനർനിർണയിച്ച നികുതി (രൂപ) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| 1 | 167 A | 56.75 | 2554 | 4086 | 1532 |

| | | | | | |
|---|---|---|---|---|---|
| 2. | 167 B | 48.32 | 2115 | 3480 | 1365 |
| 3 | 167 C | 34.35 | 1459 | 2351 | 892 |
| 4 | 167 D | 46.62 | 1995 | 3191 | 1196 |
| 5 | 167 E | 38.32 | 1639 | 2622 | 983 |
| 6 | 167 F (പാർപ്പിടാവശ്യം) | 119.30 | 752 | 1003 | 251 |
| ആകെ കുറവ് | | | | | 6219/- |

കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-4 ഓഡിറ്റ് ഇംപാക്ട്

വസ്തുനികുതി - കുറവ് വന്ന തുക ഈടാക്കി

ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ ആന്റപ്പൻ, നല്ലൂർ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 2016-17 ഒന്നാം അർദ്ധവർഷം മുതൽ വ്യത്യസ്ത അടിസ്ഥാനനികുതിനിരക്ക് നൽകി നികുതി നിർണയിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.3) പ്രകാരം അപാകത പരിഹരിച്ച് വസ്തുനികുതി പുനർനിർണയിച്ച് ഈടാക്കിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | തറവിസ്തീർണം (ച.മീ) | ഈടാക്കിയ അടിസ്ഥാനനികുതി നിരക്ക് /ച.മീ | ഈടാക്കിയ നികുതി(രൂപ) | പുനർനിർണയിച്ച നികുതി | കുറവ് വന്ന തുക | കുറവ് വന്ന തുക ഈടാക്കിയ രസീത് നം., തീയതി |
|---|---|---|---|---|---|---|---|
| 1 | 254എ | 32.11 | 50 | 1927 | 2312 | 385/- | 117020102189, തീ.22.08.2017 |
| 2 | 254ബി | 32.11 | 50 | 1927 | 2312 | 385/- | 117020102190, തീ.22.08.2017 |
| 3 | 254സി | 97.31 | 15 | 1752 | 7007 | 5255/- | 117020102191, തീ.22.08.2017 |
| ആകെ ഈടാക്കിയ തുക | | | | | | 6025/- | |

ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(2) ഉപയോഗക്രമം നിശ്ചയിച്ചതിലെ അപാകത പരിഹരിച്ച് കുറവ് വന്ന വസ്തുനികുതി ഈടാക്കി

പഞ്ചായത്തിലെ 8-ാം വാർഡിലുള്ള ആന്റണി സ്കറിയ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 208 എ മുതൽ എഫ് വരെയുള്ള കെട്ടിടങ്ങൾക്ക് (തറവിസ്തീർണം-64.65 ച.മീ) 2016-17 ഒന്നാം അർദ്ധവർഷം മുതൽ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 7/- രൂപ അടിസ്ഥാനനികുതി നിരക്ക് നൽകി നികുതി നിർണയിച്ചിട്ടുണ്ട് . എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം പുറത്തേക്ക് മാത്രം വാതിലുകൾ ഉള്ള 6 മുറികൾ മാത്രമുള്ള ഒരു കെട്ടിടമാണിത് (അടുക്കള മറ്റ് അനുബന്ധമുറികൾ എന്നിവയില്ല.) . ആയതിനാൽ ഇപ്രകാരമുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിരക്ക് നൽകിയത് ക്രമപ്രകാരമല്ലാത്തതിനാൽ കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് വസ്തുനികുതി പുനർനിർണയിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.4) മറുപടി പ്രകാരം കെട്ടിടത്തിന് ലോഡ്ജ് എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാനനികുതിനിരക്കായ 35/- രൂപ ചുമത്തി വസ്തുനികുതി പുനർനിർണയിച്ച് ഈടാക്കി രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. .

## 2-5 അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിലൂടെ ലഭ്യമായ വിവരം പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള5 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ഇവയിൽ 3 ടവറുകളുടെ തുടർച്ചയായ വർഷങ്ങളിലെ

നികുതി ഈടാക്കാനുള്ളതായി കാണുന്നു. പഞ്ചായത്തിൽ നിന്നും 9 മൊബൈൽ ടവറുകൾക്ക് പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും 5 എണ്ണത്തിന് മാത്രമാണ് വസ്തുനികുതി നിർണയിച്ചിട്ടുള്ളത് . അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തി ഈടാക്കുന്നതാണെന്ന് ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2)യുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണയത്തിൽ ടവറിന്റെ അടിസ്ഥാനനിർമ്മിതിയുടെ ഏരിയ, അനുബന്ധ കെട്ടിടങ്ങളുടെ ഏരിയ എന്നിവ കണക്കിലെടുത്തിട്ടുണ്ടോയെന്നുള്ള വിവരം പരിശോധിക്കേണ്ടതും ഈ വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-6 കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ അവ്യക്തത.

വസ്തുനികുതി പരിഷ്കരണത്തിന്റെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ 750 ച.മീറ്റർ തറവിസ്തീർണമുള്ള കെട്ടിടനമ്പർ 15/410 ഉള്ള കെട്ടിടത്തെ ആരാധനാലയം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കിയിരിക്കുന്നതായി കാണുന്നു. ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതോടനുബന്ധിച്ച് മറ്റ് കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവയുടെ കെട്ടിടനമ്പർ, വസ്തുനികുതിയുടെ വിശദാംശങ്ങൾ, നികുതി ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിൽ കാരണം മുതലായവ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.15) യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 2-7 വസ്തുനികുതി പരിഷ്കരണം - വിശദാംശങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിന് 2011-ൽ സർക്കാർ പുറപ്പെടുവിച്ച, 14.1.2011-ലെ കേരള അസാധാരണ ഗസറ്റ് നം.82, 14.1.2011-ലെ വിജ്ഞാപനം ( സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.20/2011/തസ്വഭവ ) പ്രകാരം എസ്.ആർ.ഒ നം.37/2011 ആയി പ്രസിദ്ധീകരിക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്കരണ ചട്ടങ്ങൾ (കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങൾ പ്രകാരം പായിപ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.01.2012 ലെ 8- നമ്പർ തീരുമാനം പ്രകാരം 04.01.2012 ലെ A4-5632/2011 -ാം നം ആയി അടിസ്ഥാനവസ്തുനികുതിനിരക്കുകൾ അന്തിമമായി നിശ്ചയച്ചിട്ടുണ്ട്. എന്നാൽ 24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം 1' സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2.വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , 3.മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006(2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4.ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ ഈ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് നോട്ടിഫിക്കേഷൻ നടത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചുകൊണ്ട് പഞ്ചായത്ത് പ്രമേയം പാസാക്കിയിട്ടില്ല എന്നും അടുത്ത ജനറൽ കമ്മറ്റിയിൽ ഈ വിഷയം ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മറ്റിയുടെ 24.12.2013 ലെ 16-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിൽ സേവനഉപനികുതി 10ശതമാനമാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ ആകെ 7895 കെട്ടിടങ്ങളാണുള്ളത് . ഇവ സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തി ഡിജിറ്റൽ സൈൻ ചെയ്ത് ഡിമാന്റ് നോട്ടീസ് നൽകിയതായും വിവരം ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം എസ്)144/2015, 26.12.2015-ലെ ജി.ഒ.(എം.എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള മാറ്റങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 60 ച.മീറ്റർ വിസ്തീർണമുള്ള കെട്ടിടഉടമകളിൽ നിന്നും സത്യവാങ്മൂലം വാങ്ങിയതിന് ശേഷമാണ് നികുതിയിളവ് നൽകുന്നത്.

സാംഖ്യ, സഞ്ചയ സോഫ്റ്റ്വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല.

ആകെയുള്ള 11228 രസീതുകളിൽ 9364 എണ്ണമാണ് മാപ്പ് ചെയ്തിട്ടുള്ളത്. മാപ്പിംഗിന്റെ ശതമാനം 83.4

2016-17 വർഷത്തെ വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കാര്യത്തിൽ സാംഖ്യയും സഞ്ചയയും തമ്മിൽ ചുവടെ ചേർക്കും പ്രകാരം വ്യത്യാസം നിലനിൽക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സാംഖ്യ | 8892457 | 5481824 | 3410633 |
| സഞ്ചയ | 9517943 | 5531158 | 4166523 |

വസ്തുനികുതിയുടെ കമ്പ്യൂട്ടർവത്കരണത്തിലുള്ള അപാകങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് വകുപ്പ് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം വസ്തുനികുതി റിസീവബിൾ തുകയിൽ മാറ്റം വന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഓഡിറ്റിന് സമർപ്പിച്ചിരുന്ന വാർഷികക്കണക്ക പ്രകാരമുള്ളത് | ഭേദഗതി വരുത്തിയത് | വ്യതിയാനം |
|---|---|---|---|
| 2013-14 | 1026333 | 1210038 | 183705 |
| 2014-15 | 2622109 | 2931488 | 309379 |
| 2015-16 | 2664192 | 2846938 | 1182746 |

.

## 2-8 യു.എ നമ്പർ നൽകി നിർണയിച്ച വസ്തുനികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയർ മുഖേന വസ്തുനികുതിയുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ജോസഫ് അലക്സാണ്ടർ, പുതുവേലിൽ എന്നയാളിന്റെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 10/1/UA എന്ന നമ്പർ നൽകി 2015-16 വർഷം മുതൽ വസ്തുനികുതി നിർണയിച്ചതായി കാണുന്നു. ഈ കെട്ടിടത്തിന്റെ നികുതി നിർണയത്തിന്റെയും നികുതി ഈടാക്കിയതിന്റെയും വിശദാംശങ്ങൾ, ഈടാക്കിയിട്ടില്ലെങ്കിൽ കാരണം മുതലായവ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറി(നം.17)യ്ക്ക് പഞ്ചായത്തിന്റെ നടപടികൾക്കെതിരെ ബഹു.ഹൈക്കോടതിയിലുള്ള ഹർജി തീർപ്പാകുന്നത് വരെ തുടർനടപടികൾ നിർത്തി വെക്കേണ്ടതാണെന്ന് അറിയിച്ചിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-9 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ/ സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | പി ബി സി മത്സ്യമാർക്കറ്റ് | Ist & IInd Half |
| 2 | കടന്തോട്ട് ചിട്ടി ഫണ്ട് | Ist & IInd Half |
| 3 | ഡിവിഷണൽ മാനേജർ, കോട്ടയം റെയിൽവെ ഡിവിഷൻ | Ist & IInd Half |
| 4 | കുത്തുകല്ലുങ്കൽ ഫൈനാൻസ്, നാലുകോടി | Ist & IInd Half |
| 5 | കെ എസ് ഇ ബി കളക്ഷൻ സെന്റർ | Ist & IInd Half |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/ 21.8.17) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-10 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്,നാലുകോടി | 2016-17 ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | സെന്റ് റീത്താസ് ഹോസ്പിറ്റൽ | ,, |
| 3 | ബി എസ് എൻ എൽ | ,, |
| 4 | പി ബി സി മത്സ്യമാർക്കറ്റ് | ,, |
| 5 | കടന്തോട്ട് ചിട്ടിഫണ്ട് | ,, |
| 6 | കുത്തുകല്ലുങ്കൽ ഫൈനാൻസ് | ,, |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/ 21.8.17) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-11 സ്വകാര്യ ധനവിനിമയ സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഇൻഡിപറമ്പിൽ ഫൈനാൻസ്, കല്ലുകളം കോംപ്ലക്സ്, നാലുകോടി |
| 2 | കെ ബി സി ഫൈനാൻസിയേഴ്സ്, കുടത്തേട്ടുപുത്തൻപുരയിൽ ബിൽഡിംഗ്സ്, നാലുകോടി. |
| 3 | യൂണിയൻ ഫൈനാൻസ് കമ്പനി, ആലഞ്ചേരിൽ ബിൽഡിംഗ്സ്, നാലുകോടി. |
| 4 | വൈപ്പമ്മാടം ഫൈനാൻസ്, മലയിൽ ബിൽഡിംഗ്സ്, നാലുകോടി. |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/21.8.17) ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-12 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സ് - വാടക കുടിശിക ഈടാക്കേണ്ടതാണ്

1) കെ.എസ്.ഇ.ബി. സബ്സെന്റർ – വാടക

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സിലെ അഞ്ചുമുറികളിൽ ഒന്നായ X/415D കെ.എസ്.ഇ.ബി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കളക്ഷൻ സെന്ററായി, സർക്കാർ നിശ്ചയിക്കുന്ന വാടക നിരക്കിൽ അനുവദിക്കാൻ 24/12/2013 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. (പഞ്ചായത്ത് കമ്മിറ്റി 14-ാം നമ്പർ തീരുമാനം). 04-03-2014 മുതൽ കെ.എസ്.ഇ.ബി.യ്ക്ക് മുറി അനുവദിച്ചെങ്കിലും പഞ്ചായത്ത് വാടകനിരക്ക് നിശ്ചയിക്കുകയോ, കെ.എസ്.ഇ.ബി.യുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. 28-12-2013 ലെ കത്ത് മുഖേന വാടക നിരക്ക് നിജപ്പെടുത്തി നൽകാനും, കരാർ തയ്യാറാക്കാനും പഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെട്ടിരുന്നു. കെ.എസ്.ഇ.ബി. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08-05-14 ലെ കത്തിൽ 04-03-2014 മുതൽ 3 വർഷത്തേയ്ക്ക് പ്രതിമാസ വാടക 500 രൂപയായി നിജപ്പെടുത്താമെന്ന് പഞ്ചായത്തിനെ അറിയിച്ചു. തുടർന്ന് 27-08-2014 ന് മാത്രമാണ് കെ.എസ്.ഇ.ബി. ലീസ് വ്യവസ്ഥയിൽ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്നത്. കെ.എസ്.ഇ.ബി.യുടെ വ്യവസ്ഥകൾ മാത്രമാണ് കരാറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പിഴപ്പലിശ , വാടക നിരക്ക് വർദ്ധിപ്പിക്കൽ എന്നിവയെക്കുറിച്ചൊന്നും കരാറിൽ പരാമർശിക്കുന്നില്ല. പഞ്ചായത്ത് മുൻകൈ എടുത്ത് പൊതുമരാമത്ത് വകുപ്പ്

എഞ്ചിനീയർ മുഖേന വാടകനിരക്ക് നിർണ്ണയിക്കുകയും , വാടക വ്യവസ്ഥകളുൾപ്പെടുത്തി കരാർ തയ്യാറാക്കുകയും ചെയ്യേണ്ടിയിരുന്നു. കെ.എസ്.ഇ.ബി. വാടക യഥാസമയം അടവാക്കാത്തതിനാൽ 1% പിഴപ്പലിശയോടെ വാടകക്കുടിശ്ശിക അടവാക്കാനാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് നിരവധി കത്തുകൾ കെ.എസ്.ഇ.ബി യ്ക്ക് അയച്ചു. ഓരോ വർഷവും 5% വാടകനിരക്ക് വർദ്ധന വരുത്തിയാണ് പഞ്ചായത്ത് വാടക ഡിമാൻഡ് ചെയ്യുന്നത്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായ കാര്യങ്ങളാണ് പഞ്ചായത്ത് ആവശ്യപ്പെടുന്നതെന്നും, അഞ്ഞൂറ് രൂപ നിരക്കിൽ മാത്രമേ വാടക നൽകാൻ കഴിയൂ എന്നും 06.06.2017 ലെ കത്തിലൂടെ കെ.എസ്.ഇ.ബി. പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വാടകവ്യവസ്ഥകളുൾപ്പെടുത്തി കരാർ തയ്യാറാക്കാത്തതു മൂലമാണ് ഇപ്രകാരം സംഭവിച്ചത്. 04-03-2017 ന് നിലവിലെ കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പഞ്ചായത്തിന്റെ വാടകവ്യവസ്ഥകൾ വിശദമായി ഉൾപ്പെടുത്തി , പൊതുമരാമത്ത് വകുപ്പ് നിഷ്കർഷിക്കും വിധം വാടക നിരക്ക് കണക്കാക്കി കെ.എസ്.ഇ.ബി.യുമായുള്ള കരാർ പുതുക്കേണ്ടതാണ്. 27-08-2014 ലെ കരാർ നിബന്ധനകൾക്ക് വിധേയമായി നാളിതുവരെ കുടിശ്ശികയായ വാടക പുനനിർണ്ണയിച്ച് അടിയന്തിരമായി ഈടാക്കേണ്ടതാണ്.

2)പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സിലെ X/415E -ാം മുറി 2016-17 ൽ ശ്രീ.മുഹമ്മദ് കുഞ്ഞ്, മങ്ങാട്ടുപറമ്പിൽ എന്നയാൾക്കാണ് വാടകയ്ക്ക് നൽകിയിരുന്നത്. വാടക കുടിശ്ശികയായി ഇയാളിൽ നിന്നും 1,09,516 (പ്രതിമാസ വാടക 9956 ) രൂപ തൻവർഷം ഈടാക്കുവാൻ അവശേഷിക്കുന്നു. ആയത് അടിയന്തിരമായി ഈടാക്കേണ്ടതാണ്.

## 2-13 ഡി & ഒ ലൈസൻസ്-സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/കെട്ടിടനമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | മാർജിൻ ഫ്രീ സൂപ്പർമാർക്കറ്റ്,പായിപ്പാട് | 05 |
| 2 | ബ്രദേഴ്സ് സ്റ്റീൽ ഇൻഡസ്ട്രീസ്,പായിപ്പാട് | 06 |
| 3 | ജി കെ സ്റ്റീൽ ഇൻഡസ്ട്രീസ്,നാലുകോടി | 04 |
| 4 | വികാസ് ഇലക്ട്രോണിക്സ്,നാലുകോടി | 15 |
| 5 | മുതിരപ്പറമ്പിൽ സോമിൽ,പായിപ്പാട് | 15 |
| 6 | ഗ്ലോബൽ ലിംഗേജ് | 07 |

മേൽപരാമർശം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/21.8.2017) സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും, ഡി & ഒ ലൈസൻസ് അപേക്ഷകളിന്മേൽ അന്വേഷണം നടത്തി മറ്റു സ്ഥാപനങ്ങളിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടേയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത് ഫണ്ട് ചെലവുകളിൽ സുതാര്യത ഇല്ല

ഓഡിറ്റ് വർഷം നടത്തിയിട്ടുള്ള തനത് ഫണ്ട് ചെലവുകളിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. അവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | തുക | വൗച്ചർ/ ചെക്ക് നമ്പർ | അപാകതകൾ |
|---|---|---|---|---|
| 1 | ഇല്ക്ട്രിക് സാധനങ്ങൾക്കായി ടൈറ്റസ് ജോൺ പോത്തൻപറമ്പിൽ എന്നിവർക്ക് നൽകിയത് | 9950 | 21600362/ 06.09.2016 | 1. ടൈറ്റസ്, സജി ജോസഫ് , അനിൽ കുമാർ എന്നീ മൂന്നുപേരുടേയും ക്വട്ടേഷൻ ഒരേ കയ്യക്ഷരത്തിലാണ്.<br>2.സി.എഫ്.എൽ 110/ട്യൂബ് ലൈറ്റ് 210 എന്ന ടൈറ്റസ് ജോണിന്റെ ക്വട്ടേഷൻ സ്വീകരിച്ചെങ്കിലും ഈ തുക അനിൽ കുമാറും ക്വോട്ട് ചെയ്തിരുന്നു.<br>3.ഏതൊക്കെ പ്രവൃത്തികൾ നടത്തിയതിന്റെയും സാധന സാമഗ്രികൾ സ്റ്റോക്കിൽ ചേർത്തതിന്റെയും വിവരം ലഭ്യമല്ല |
| 2 | മഴക്കാല പൂർവ്വ ശുചീകരണം | 204200 | 14 വിവിധ വൗച്ചറും ചെക്കുകളും | 1.വാർഡുതല സാനിറ്റേഷൻ സമതിക്കു കൈമാറുന്നതിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സി നൽകേണ്ട തുക വാർഡ് മെമ്പറുമാർക്കു നൽകി.<br>2.പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വാല്യുവേഷൻ ഇല്ല. |
| 3 | ഹരിത കേരളം | 67994 | 15വിവിധ വൗച്ചറുകളും ചെക്കുകളും | 1. ഹരിത കേരളം പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിൽ പദ്ധതി നിർവ്വഹിച്ചിട്ടില്ല.<br>2. ചെടികൾ വെച്ച് പിടിപ്പിക്കുന്നതിനു പകരം പച്ച പുല്ലുകൾ വെട്ടിമാറ്റി.<br>3. തുക മെമ്പറുമാർക്കു കൈമാറൽ മാത്രമാണ് നടന്നത്. |

മേൽ ചെലവുകൾ അംഗീകരിക്കുവാൻ കാരണമുണ്ടെങ്കിൽ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടി തൃപ്തികരമല്ല. ആയതിനാൽ 282144/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-2 മഴക്കാലപൂർവ്വശുചീകരണം- തനതുഫണ്ട് ചെലവുകളിലെ ചട്ടലംഘനം

വാർഡ്തല ശുചിത്വ കമ്മറ്റികൾ മുഖാന്തിരം നടപ്പാക്കേണ്ട പദ്ധതികൾ നിലവിലുള്ള നിയമങ്ങൾ ലംഘിച്ച് നടപ്പിലാക്കിയിട്ടുള്ളത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സ്വതന്ത്ര നിയോഗഫണ്ട് ചെലവിടുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 24.02.2007 ലെ ജി.ഒ.(ആർ.റ്റി) നമ്പർ 650/2007/എച്ച്&എഫ്ഡബ്ല്യ.സി. ഉത്തരവിലെ നിർദ്ദേശങ്ങളാണ് പരിഗണിക്കേണ്ടത്. ഇതിൻപ്രകാരം ഗ്രാമപഞ്ചായത്ത് വാർഡുതല ശുചിത്വ കമ്മറ്റികളുടെ പേരിൽ നിലവിലുള്ള അക്കൗണ്ടുകളിലേയ്ക്ക് ഫണ്ട് വകമാറ്റുകയാണ് വേണ്ടത്. കൺവീനറായ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥൻ ഫണ്ട് ചെലവഴിക്കുകയും വാർഡു മെമ്പർ ചെയർമാനായ കമ്മറ്റി ഉപരിനിരീക്ഷണം നടത്തുകയും ചെയ്യണം. എന്നാൽ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ 15 എണ്ണത്തിലും ശുചിത്വകമ്മറ്റികളുടെ അക്കൗണ്ടിലേയ്ക്ക് ഫണ്ട് മാറി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണം ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ നടത്തിയതിന് രേഖകളില്ല. വാർഡ് ഒന്നിന് 15,000/- രൂപ വീതം ചെലവിട്ട സാഹചര്യത്തിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തി മൂല്യനിർണ്ണയം നടത്താതെ ഫണ്ട് കൈമാറുകയും ചെയ്തു. 6-ാം വാർഡിൽ വാർഡുതല ശുചിത്വകമ്മറ്റിക്ക് ഫണ്ട് കൈമാറുന്നതിന് പകരം വാർഡ് മെമ്പറും ആരോഗ്യവിഭാഗം ഉദ്യോഗസ്ഥരും നേരിട്ട് ബാങ്കിൽ നിന്നും പണം കൈപ്പറ്റുകയാണ് ഉണ്ടായിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. തുക ചെലവഴിക്കുമ്പോൾ നിയമാനുസൃത നടപടിക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വാഹനത്തിന് ഇന്ധനഉപയോഗം - രേഖകളിലെ അപാകം

പഞ്ചായത്തുവക വാഹനത്തിന് ഇന്ധനം ഉപയോഗിക്കുന്നതും വാഹനം ഉപയോഗിക്കപ്പെടുന്നതും സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായാണ്. ഉപയോഗിക്കപ്പെടുന്ന ഇന്ധനത്തിന്റെ അളവ് ലോഗ്ബുക്കിൽ ചേർക്കാതിരിക്കുകയും യാത്രചെയ്യുന്ന ഉദ്യോഗസ്ഥർ ഒപ്പുവെയ്ക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നു. ഉദാഹരണത്തിന് 51600111/23.05.16-ാം നമ്പർ പേമെന്റ് വൗച്ചറിലൂടെ പൗർണ്ണമി ഫ്യൂവൽസിൽ നിന്ന് 29,099/- (ചെക്ക് നം.93718/23.05.16) രൂപയുടെ ഡീസൽ വാങ്ങിയിട്ടുള്ളത് സ്റ്റോക്കിലോ ലോഗ് ബുക്കിലോ ചേർത്തിട്ടില്ല. 01.07.2015 മുതൽ 18.01.16 വരെയുള്ള കാലയളവിൽ വാങ്ങിയ ഇന്ധനം എപ്രകാരം ഉപയോഗിച്ചുവെന്ന് വ്യക്തമല്ല. ഭരണസമിതി വിഷയം പരിശോധനാ വിധേയമാക്കുകയും വിവരം ഓഡിറ്റിൽ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 3-4 പി.എച്ച്.സി-ക്ക് മരുന്നുവാങ്ങൽ-മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പി.എച്ച്.സി-ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.014/17) 30000/- രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം)വകയിരുത്തിയിരുന്നു. മരുന്ന് ലഭ്യമാക്കുന്നതിനായി തുക ബിൽ നം.10/16-17/31.3.17 പ്രകാരം പിൻവലിച്ച് മാനേജിംഗ് ഡയറക്ടർ,മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകി. എന്നാൽ ഓഡിറ്റ് തീയതിവരെയും മരുന്നു ലഭ്യമായിട്ടില്ലാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 30000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതി - 73365/-രൂപയുടെ മരുന്ന് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 035/17 പ്രകാരം ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങുന്നതിനായി 145000/-രൂപ (ഡിഡി നം.607795 & ഡിഡി നം.607796 തീ. 27.1.17) ഔഷധി, ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ഓഫ് കേരള, തൃശ്ശൂരിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് സംബന്ധമായ ഫയൽ പരിശോധിച്ചതിൽ നിന്നും ഔഷധി നാളിതുവരെ 71635/- രൂപയുടെ മരുന്നു മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് (ഇൻവോയിസ് നം.2421 തീയതി 19.3.17 ). 73365/- രൂപയുടെ മരുന്ന് ലഭ്യമാക്കിയതായോ, മരുന്ന് ലഭ്യമാക്കുന്നതിന് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായോ കാണുന്നില്ല.

73365/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും,മരുന്ന് ലഭിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. മരുന്ന് ലഭ്യമാകുന്നതുവരെ 73,365/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്ന് നാളിതുവരെയും ലഭ്യമാക്കിയില്ല.

പ്രോജക്ട് നം: S0041/17

(ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ)

ആകെ അടങ്കൽ- 50000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

പായിപ്പാട് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി മാനേജിങ് ഡയറക്ടർ HOMCO ആലപ്പുഴയ്ക്ക് ഡി.ഡി. നം.607666 തിയതി. 16.01.2017 പ്രകാരം 50000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി (23.08.2017) വരെ മരുന്ന് ഡിസ്പെൻസറിയിൽ ലഭ്യമായിട്ടില്ല. HOMCO-ൽ നിന്നും എത്രയും വേഗം മരുന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും, എത്തുന്ന മുറയ്ക്ക് സ്റ്റോക്കിൽ ചേർത്ത് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. മരുന്ന ലഭ്യമാകുന്നതുവരെ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 പി.എം.എ.വൈ - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം - 121/17

ചെലവ് - 60000 (വികസന ഫണ്ട് (പൊതു)

നിർവഹണോദ്യോഗസ്ഥ – വി.ഇ.ഒ.

പി.എം.എ.വൈ അധികവിഹിതമായി ബ്ലോക്ക് പഞ്ചായത്തിന് 60000/- രൂപ കൈമാറി. പഞ്ചായത്തിലെ മൂന്ന് ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താവുകൂടി ഭവനനിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ അവശേഷിക്കുന്ന തുക |
|---|---|---|
| ശ്രീമതി കൃഷ്ണകുമാരി , അമ്പഴപ്പറമ്പിൽ , നാലുകോടി പി.ഒ | 176000 | 2400 |

ഭവനനിർമ്മാണ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 3-8 ആശ്രയ പദ്ധതി

2006-2013 വർഷം ആശ്രയ ഒന്നാം ഘട്ടവും , 2014- 2017 വർഷം ആശ്രയ രണ്ടാം ഘട്ട പ്രവർത്തനവും നടപ്പാക്കി. ഒന്നാം ഘട്ടത്തിലെ 25 അഗതികുടുംബങ്ങളിൽ 13 കുടുംബങ്ങളെ ഉൾപ്പെടുത്തി ഒന്നാം ഘട്ട തുടർസേവന പ്രോജക്ട് 2017 മുതൽ നടപ്പാക്കി വരുന്നു. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ വരവ് ചെലവ് സംഗ്രഹം ചുവടെ ചേർക്കുന്നു. (11/08/2017 തീയതിയിലെ കണക്കുകൾ)

| ഒന്നാം ഘട്ടം (2006-13) | | |
|---|---|---|
| | പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് |
| വരവ് | 1385626 | 375000 |
| ചെലവ് | 429000 | 100687 |
| നീക്കിയിരിപ്പ് | 956626 | 274313 |
| രണ്ടാം ഘട്ടം(2014-2017) | | |
| വരവ് | 175000 + ഒന്നാം ഘട്ടത്തിലെ പ്ലാൻ ഫണ്ട് | 597417 |

| | | |
|---|---|---|
| | (പട്ടികജാതി വിഭാഗം) നിന്നും 678126 രൂപ വകമാറ്റിയത് = 853126 | |
| ചെലവ് | 475000 | 400645 |
| നീക്കിയിരിപ്പ് | 378126 | 196772 |
| ഒന്നാം ഘട്ടം തുടർപ്രവർത്തനങ്ങൾ (2017-2020) | | |
| വരവ് | 278500 | 274313 |
| ചെലവ് | 0 | 13476 |
| നീക്കിയിരിപ്പ് | 278500 | 260837 |

വിവിധ ഘടകങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഒന്നാം ഘട്ടം | | | |
|---|---|---|---|
| ഘടകം | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
| ഭക്ഷണം | 150000 | 44399 | 105601 |
| മരുന്ന് | 150000 | 38988 | 111012 |
| വിദ്യാഭ്യാസം | 25000 | 7300 | 17700 |
| സ്വയം തൊഴിൽ പരിശീലനം | 40000 | - | 40000 |
| രണ്ടാം ഘട്ടം | | | |
| ഭക്ഷണം | 368400 | 362650 | 5750 |
| മരുന്ന് | 153600 | - | 153600 |
| വിദ്യാഭ്യാസം | 50000 | - | 50000 |

സമൂഹത്തിലെ നിരാലംബരായ അഗതികൾക്കുള്ള മരുന്നു വിതരണം രണ്ടാം ഘട്ടത്തിൽ നടന്നിട്ടില്ല. ഒന്നാം ഘട്ടത്തിൽ മരുന്നുവിതരണ നീക്കിയിരിപ്പായി അവശേഷിക്കുന്ന 111012/- രൂപ ഒന്നാം ഘട്ട തുടർപ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് വിതരണം ചെയ്തിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി ഉചിതമായ തീരുമാനം കൈക്കൊണ്ട് മരുന്ന് വിതരണം പുനസ്ഥാപിക്കേണ്ടതാണ്.

<u>രണ്ടാം ഘട്ടം - ഭവനനിർമ്മാണത്തിനായി അവശേഷിക്കുന്ന തുക ഗുണഭോക്താക്കൾക്ക് അടിയന്തിരമായി കൈമാറേണ്ടതാണ്.</u>

27/12/2016 ൽ ഒന്നാം ഘട്ടത്തിലെ പ്ലാൻ ഫണ്ട് (പട്ടികജാതി വിഭാഗം) നിന്നും 678126 രൂപ രണ്ടാം ഘട്ടത്തിലേയ്ക്ക് വക മാറ്റി. ആയതിൽ നിന്നും ഭവനനിർമ്മാണത്തിനായി രണ്ടു ഗുണഭോക്താക്കൾക്കായി മൂന്ന് ലക്ഷം രൂപ ചെലവഴിച്ചു. ഇനിയും മൂന്ന് ലക്ഷം രൂപ കൂടി നൽകുവാനായി അവശേഷിക്കുന്നു. എന്നാൽ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ മാർച്ച് 2017 ന് അവസാനിച്ചതിനാൽ പ്രസ്തുത തുക ചെലവഴിക്കാൻ കഴിയുകയില്ല എന്ന് ആശ്രയ മെമ്പർ സെക്രട്ടറിയുടെ തീരുമാനംമൂലം അവശേഷിക്കുന്ന തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമാണ്. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന തുക ഗുണഭോക്താക്കൾക്കായി ചെലവഴിക്കേണ്ടതാണ്.

<u>ഭീമമായ തുക പലിശ ഇനത്തിൽ അക്കൗണ്ടിൽ അവശേഷിക്കുന്നു.</u>

ഒന്നാം ഘട്ടം, ഒന്നാം ഘട്ടം തുടർസേവനം എന്നിവയുടെ പ്ലാൻ, ചലഞ്ച് ഫണ്ടുകൾ എസ്.ബി.റ്റി. ചങ്ങനാശ്ശേരി (അക്കൗണ്ട് നം - 30093969461) ലാണ് സൂക്ഷിച്ചുവരുന്നത്. എന്നാൽ പലിശ ഇനത്തിൽ 424007 രൂപ ജൂൺ 2017

വരെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. പ്ലാൻ , ചലഞ്ച് ഫണ്ട് പലിശ ഇനം തിരിച്ച് തയ്യാറാക്കി അടിസ്ഥാന വികസനം / സേവന ആവശ്യത്തിനായി ഉപയുക്തമാക്കേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബിൽ നം/ തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | പ്രോനം.139/17,അങ്കണവാടികൾക്ക് വൈദ്യുതീകരണം | 469500/- | 33/16-17<br>34/16-17,തീ29.03.17,<br>29/16-17 തീ25.03.17 | കെ.എസ്. ഇ.ബി | സെക്രട്ടറി |
| 2 | പ്രോനം.29/17,പെരുമ്പുഴക്കടവ് അറുന്നൂറിൽ പൈപ്പ് ലൈൻ | 485000/- | 21/16തീ16.03.17 | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി |
| 3 | പ്രോ.നം.6/17,എസ്.എസ്.എ വിഹിതം | 555939/- | 8/16-17തീ.10.11.16 | ജില്ലാ പ്രോജക്ട് ഓഫീസർ ,കോട്ടയം | സെക്രട്ടറി |
| 4 | എ.സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 1360000 | 9/16-17/31.3.17 | കേരള വാട്ടർ അതോറിറ്റി | അസിസ്റ്റന്റ് സെക്രട്ടറി |

വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ 2870439/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-10 എം.ജി.എൻ..ആർ..ഇ.ജി.എസ്.

എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതി പ്രകാരം തൻവർഷം തൊഴിൽ കാർഡിന് അപേക്ഷിച്ച 1860 പേർക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 2016-17വർഷം 970 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തൻവർഷം 970കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തു. തൻവർഷത്തെ ലേബർ ബജറ്റ് പ്രകാരം 146 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 125എണ്ണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും 82 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 26991 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. തൻവർഷം 9 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭ്യമായത്. തോട് പുനരുദ്ധാരണം, മഴക്കുഴി നിർമ്മാണം, കമ്പോസ്റ്റ് കുഴി നിർമ്മാണം, കുളം നിർമ്മാണം, പാടശേഖരങ്ങളിലെ കൈത്തോടുകൾക്ക് ആഴം കൂട്ടൽ, വൃക്ഷതൈ നടീൽ, റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവർത്തികളാണ് നടത്തിയിട്ടുള്ളത്.

2016-17 വർഷത്തെ വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (കാഷ് ബുക്ക് പ്രകാരം).

| | |
|---|---|
| മുന്നിരിപ്പ് | 1309 |
| വരവ് | 10700249 |
| ആകെ | 10701558 |
| ചെലവ് | 10602928 |
| നീക്കിയിരുപ്പ് | 98630 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മാടപ്പള്ളി ബ്ലോക്ക് ശിശു വികസന ഓഫീസർ | 2016-17 | 300000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000- | 0 |
| കൃഷി ഓഫീസർ | 2016-17 | 322000 | പുഞ്ച കൃഷി നെൽ വിത്ത് സബ്സിഡി | 322000 | 0 |
| മാടപ്പള്ളി ബ്ലോക്ക് | 2016-17 | 400000 | -- | -- | 400000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | അങ്കണ വാടികൾക്ക് വൈദ്യുതീകരണം | 29/16-17 dt25.3.17,20900/-<br>33/16-17dt29.3.17 ,121500/-<br>34/16-17dt29.3.17, 13900/- | 469500 | 469500 | വിനിയോഗ വിവരം ലഭ്യമായില്ല |
| 2 | കേരള വാട്ടർ അതോറിറ്റി | പെരുമ്പുഴക്കടവ് അറുന്നൂറിൽ പുതുവൽ പൈപ്പ് ലൈൻ നീട്ടൽ | 21/2016 /16.3.17 | 485000 | 485000 | ,, |
| 3 | ,, | എ.സി കോളനി പൈപ്പ് ലൈൻ നീട്ടൽ | 9/16-17/31.3.17 | 1360000 | 1360000 | ,, |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5950/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2015-16 | 2-5-1 | 720 | പായിപ്പാട് ക്ഷീരോല്പാദക സഹകരണസംഘം | 11602103399, 14/11/2016 |
| 2015/16 | 2-5-1 | 360 | വെള്ളാപ്പള്ളി ക്ഷീരോല്പാദക സഹകരണസംഘം | 11602103398, 14/11/2016 |
| 2015-16 | 2-5-2 | 720 | നാലുകോടി ക്ഷീരോല്പാദക സഹകരണസംഘം | 11602103397, 14/11/2016 |
| 2015-16 | 2-5-3 | 2500 | മാനേജർ , മിനി മുത്തൂറ്റ് | 11602103449, 16/11/2016 |
| 2015-16 | 2-5-3 | 1250 | മാവേലി സ്റ്റോർ , നാലുകോടി | 11602103414, 16/11/2016 |
| 1998/1999 | 5 | 400 | സി.പി വേണുഗോപാൽ | 11602102908, 01/10/2016 |
| ആകെ | | 5950/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|---|---|
| 1999-00 | | 2001-02 | 10(12) | ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയത് സംബന്ധിച്ച് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43937580 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37230361 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3305948 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 282144 | ശ്രീ.സി.പി.വേണുഗോപാൽ, സെക്രട്ടറി |

| | | |
|---|---|---|
| | | ശ്രീമതി മിനി മുരളി, സെക്രട്ടറി |
| 3-4 | 30000 | ഡോ.സാലി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-5 | 73365 | ഡോ.ശ്രീലജ, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-6 | 50000 | ഡോ.ബിന്ദുശ്രീ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-9 | 1510439 | ശ്രീമതി മിനി മുരളി, സെക്രട്ടറി |
| 3-9 | 1360000 | ശ്രീ.ജി.വി.ഭാസുരദാസ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 3305948 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 96-97 ചെലവ് | എൽ എഫ് കെ പി 3/210/98/16.5.98/3.9.99 | |
| 97-98 ചെലവ് | എൽ എഫ് കെ പി 3/288/14/ 6.6.14 | 15 |
| 98-99(ചെലവ്)<br>98-99(വരവ്) | എൽ എഫ് കെ പി 3/288/14/ 9.6.14<br>എൽ എഫ് കെ പി 8/34/10 11-5-10/8-6-10 | 12 |
| 99-00 | എൽ എഫ് കെ പി 3/288/14/ 7.6.14 | 9 |
| 01-02 | എൽ എഫ് കെ പി8/906/07 22-04-09 | 4 |
| 00-01, 01-02 പ്ലാൻ | എൽഎഫ് കെ പി 8/784/03/12.04.04/4.05.2004 | 10 |
| 02-03 ചെലവ്<br>02-03(DCB) | എൽ എഫ് കെ പി 8/121/05/02.07.07<br>എൽ എഫ് കെ പി 8/907/07 22.04.08 | 17<br>2 |
| 03-04 ചെലവ് | എൽ എഫ് കെ പി 8/165/07/04.07.09 | 13 |

| | | |
|---|---|---|
| 05-06 | എൽ എഫ് കെ പി 8/988/09/03.02.11 | 13 |
| 06-07 | എൽ എഫ് കെ പി 8/358/10 28.12.10/7.3.11 | 23 |
| 07-08 | എൽ എഫ് കെ പി 8/358 A/10/18.06.12 | 16 |
| 08-09 | എൽ എഫ് കെ പി 3/1379/11/ 04.5.12 | 14 |
| 09-10 | എൽ എഫ് കെ പി 3/435/11/07.09.12/1.10.12 | 9 |
| 10-11, 11-12 | എൽ എഫ് കെ പി 3/1464/13/19.08.13 | 22 |
| 12-13 | എൽ എഫ് കെ പി 3/1370/14/ 18.4.15 | 12 |
| 13-14 | കെ.എസ്.എ .കെ.ടി.എം.പി3/175/15/ 10.3.16 | 24 |
| 14-15 | കെ.എസ്.എ.കെ.ടി.എം. പി3/695/16/5.10.16 | 29 |
| 15-16 | കെ.എസ്.എ.കെ.ടി.എം. പി13/1931/16/15.12.16 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി. 10/1412/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 16.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം